**പതിമൂന്നാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3009** 13.10.2011ൽ മറുപടിക്ക്

**'എന്റെ ഗ്രാമം' പദ്ധതി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. ശശി | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) 'എന്റെ ഗ്രാമം' പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ; | (എ) | മലയാള ഭാഷയിലൂടെ വിവരസാങ്കേതിക വിദ്യ സാധാരണക്കാരിലേക്കെത്തിക്കുക എന്നതാണ് എന്റെ ഗ്രാമം പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. മലയാള ഭാഷയുടെ ഉന്നമനവും വിവരസാങ്കേതിക വിദ്യയുടെ പ്രചാരണവുമാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയിലൂടെ കേരളത്തിലെ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും അവരുടേതായ വെബ് സൈറ്റ് രൂപീകൃതമാക്കുകയും ലോകത്തിലെ ഏത് കോണിൽ നിന്നും മലയാളികൾക്ക് ഒരു ക്ലിക്കിലൂടെ തന്റെ ഗ്രാമത്തെക്കുറിച്ച് അടുത്തറിയാൻ കഴിയുന്നു. എന്റെ ഗ്രാമം പോർട്ടലിലൂടെ ഓരോ ഗ്രാമപഞ്ചായത്തിന്റേയും മുനിസിപ്പാലിറ്റിയുടേയും കോർപ്പറേഷന്റേയും നാനാവിധമായ സവിശേഷതകൾ മലയാളത്തിലൂടെ പരസ്പരം വിനിമയം ചെയ്യപ്പെടുന്നു. ഗ്രാമവാസികൾക്ക് ഈ പോർട്ടലിലൂടെ അവരുടെ അറിവുകൾ മറ്റുള്ളവരുമായി പങ്ക് വയ്ക്കാം. ഇതിലൂടെ ഓരോ ഗ്രാമപഞ്ചായത്തിന്റേയും സമ്പൂർണ്ണ വിവരങ്ങൾ അതായത് സ്കൂളുകൾ, റോഡുകൾ, തൊഴിലാളികളുടെ വിവരങ്ങൾ, ഭരണ സമിതി, മുൻഭരണസമിതി, അവരുടെ ഫോൺ നമ്പർ സഹിതം, പ്രത്യേക കഴിവു വേണ്ട തൊഴിലാളികളുടെ വിവരങ്ങൾ തുടങ്ങിയവ ലഭിക്കുന്നു. ഗ്രാമങ്ങളിൽ ഉത്പാദിപ്പിക്കുന്ന വിഭവങ്ങൾ, കിട്ടാവുന്ന സർവ്വീസുകൾ, ലഭ്യമാകുന്ന തൊഴിലവസരങ്ങൾ, സാമൂഹിക സാമ്പത്തിക വിവരങ്ങൾ, ഗ്രാമത്തിന്റെ ചരിത്രം, സംസ്കാരം, പുണ്യസ്ഥലങ്ങൾ, ക്ഷേത്രങ്ങൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ, മറ്റു സ്ഥലങ്ങളെ അപേക്ഷിച്ചുള്ള വ്യത്യസ്തമായ സവിശേഷതകൾ, വാണിജ്യ സാദ്ധ്യതകൾ, പബ്ലിക് സർവ്വീസുകൾ, |

പ്രാദേശിക വിവരങ്ങൾ ഇതിലൂടെ ലഭ്യമാകുന്നു. വികസന വാർത്തകൾ ജനങ്ങളിൽ എത്തിക്കുന്നതിനും മറ്റ് മാധ്യമങ്ങളെ സഹായിക്കുന്നതിനും സാധിക്കുന്നു. (ഉദാ: കാലവർഷക്കെടുതി ഉൾപ്പെടെയുള്ള വിവരങ്ങളും ചിത്രങ്ങളും വളരെ വേഗത്തിൽ ബന്ധപ്പെട്ട വകുപ്പുകളിലേയ്ക്ക് എത്തിക്കുന്നതിന് സാധിക്കുന്നു). ഈ വെബ് സൈറ്റിന്റെ അപ്ഡേഷന് 1500 രൂപ പ്രതിമാസം ഫണ്ട് വയ്ക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശമുണ്ട്.

(ബി) പ്രസ്തുത പരിപാടി ഇപ്പോൾ ഏതെല്ലാം ജില്ലയിൽ നടപ്പാക്കുന്നുവെന്ന് വ്യക്തമാക്കാമോ?

(ബി) യുനെസ്കോയുടെ സാമ്പത്തിക സഹായത്തോടെ കണ്ണൂർ ജില്ലയിലെ 9 ഗ്രാമപഞ്ചായത്തുകൾക്കും ഒരു മുനിസിപ്പാലിറ്റിയ്ക്കും കണ്ണൂർ ജില്ലാ പഞ്ചായത്തിനുമായാണ് എന്റെ ഗ്രാമം ഇന്ററാക്ടീവ് കമ്മ്യൂണിറ്റി വെബ് പോർട്ടൽ ആരംഭിച്ചത്. ജില്ലാ പഞ്ചായത്തിനും തലശ്ശേരി മുനിസിപ്പാലിറ്റിയ്ക്കുമൊപ്പം ജില്ലയിലെ 9 ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്ന് തിരഞ്ഞെടുത്ത ഓരോ ഗ്രാമപ്പഞ്ചായത്തിനുമായാണ് (അഴീക്കോട്, മുഴപ്പിലങ്ങാട്, പിണറായി, വേങ്ങാട്, മാലൂർ, ശ്രീകണ്ഠപുരം, എരമം-കുറ്റൂർ, പാപ്പിനിശ്ശേരി, പായം) വെബ് പോർട്ടൽ പ്രവർത്തിക്കുന്നത്. യുനെസ്കോയുടെ സാമ്പത്തിക സഹായത്തിനു ശേഷം പോർട്ടൽ സർക്കാർ ഏറ്റെടുക്കുകയുണ്ടായി. തുടർന്ന് കണ്ണൂർ ജില്ലയിലെ ശേഷിക്കുന്ന മുഴുവൻ തദ്ദേശ സ്ഥാപനങ്ങൾക്കും സ്വന്തമായി വെബ് പോർട്ടൽ നിർമ്മിക്കാൻ അനുമതി നൽകി. അതു പ്രകാരം ജില്ലയിലെ 72 ഗ്രാമപഞ്ചായത്തുകൾക്കും 5 മുനിസിപ്പാലിറ്റികൾക്കും കൂടി പുതുതായി വെബ് പോർട്ടൽ നിലവിൽ വരും. കൂടാതെ കൊല്ലം, മലപ്പുറം, തൃശ്ശൂർ തുടങ്ങിയ ജില്ലകളിൽ പൈലറ്റടിസ്ഥാനത്തിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ